"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - കോഴിക്കോട് ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം.) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന പൊതുഭരണ വകുപ്പിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ ശ്രീമതി. ഡെസ്സി വി.-യുടെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.765/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന. തീയതി, 10/05/2013.
2. സ.ഉ.(പി) നം. 580/2013/ധന. തീയതി, 28/11/2013.
3. സ.ഉ.(സാധാ) നം.1363/2022/തസ്വഭവ തീയതി, 02/06/2022.
4. സ.ഉ.(സാധാ) നം.1348/2023/തസ്വഭവ തീയതി, 30/06/2023.
5. സ.ഉ.(സാധാ) നം.1010/2024/തസ്വഭവ തീയതി, 10/06/2024.
6. സ.ഉ.(സാധാ) നം.1175/2025/തസ്വഭവ തീയതി, 13/05/2025.
7. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14/02/2026-ലെ SM/78/2025-B നമ്പർ കത്ത്.

**ഉത്തരവ്**

പൊതുഭരണവകുപ്പിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ ശ്രീമതി.ഡെസ്സി വി.-യെ പരാമർശം (3) പ്രകാരം കോഴിക്കോട് ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും, പരാമർശം (4), (5), (6) ഉത്തരവുകൾ പ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 04/06/2026 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (7) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലാ ശുചിത്വ മിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന പൊതുഭരണവകുപ്പിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ ശ്രീമതി. ഡെസ്സി വി.-യുടെ അന്യത്രസേവന കാലാവധി കെ.എസ്.ആർ. ഭാഗം I ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 04/06/2026 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പൊതുഭരണ (സർവ്വീസസ് - എ) വകുപ്പ്
ശ്രീമതി. ഡെസ്സി വി. (പൊതുഭരണ (സർവ്വീസസ് - എ) വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ.), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/28/2026/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 15-03-2026 14:53:53

സെക്ഷൻ ഓഫീസർ